ഉള്ള എന്നും പ്രഖ്യാപിച്ച വ്യാസന്റെ മാർഗത്തിലൂടെയാണ് ഇവരും ചിന്തിക്കുന്നത്.

(അവലംബം: 'ബുള്ളറ്റിൻ ഓഫ് ആറ്റമിക് സയന്റിസ്റ്റ്സ്' മെയ് 1978)

24-9-78

## 26. ജീവിതസുഖം

സുഖം എന്നാൽ, എന്താണ്? 'എല്ലാവർക്കും അനുകൂലമെന്നു തോന്നുന്നത് സുഖം' എന്നാണ് ഇന്ത്യയിലെ പ്രാചീനചിന്തകർ സുഖത്തെ നിർവചിച്ചിട്ടുള്ളത്. ഊന്നൽ 'എല്ലാവർക്കും' എന്നതിലാണെങ്കിൽ, ഭൂരിപക്ഷാഭിപ്രായം നോക്കി സുഖം എന്തെന്നു നിർണയിക്കാവുന്നതാണ്.

ആധുനിക വ്യാവസായികശാസ്ത്രീയസഭ്യതയ്ക്ക് എന്തു നേടാൻ കഴിയുമെന്നതിന്റെ മികച്ച ഉദാഹരണങ്ങളാണല്ലോ പടിഞ്ഞാറെ യൂറോപ്പിലെ രാജ്യങ്ങൾ. വ്യവസായവത്ക്കരണം ഈ രാജ്യങ്ങളിൽ മുമ്പൊരിക്കലും പ്രതീക്ഷിക്കാത്തത്ര സമ്പത്സമൃദ്ധി സൃഷ്ടിച്ചിരിക്കുന്നു. നാട്ടിൽ ഉല്പാദിപ്പിക്കുന്ന സമ്പത്ത് എല്ലാ പൗരന്മാർക്കും പങ്കിട്ടുകൊടുക്കുന്നതിൽ അവിടങ്ങളിലെ ജനാധിപത്യവ്യവസ്ഥിതി ഒരളവോളമെങ്കിലും വിജയിച്ചിട്ടുമുണ്ട്. യഹൂദ—ക്രൈസ്തവ മതങ്ങളുടെ പാരമ്പര്യം ഈ രാജ്യങ്ങളിൽ ദൃഢമായ ഒരു സദാചാരത്തിന്റെ അടിത്തറ പാകുകയും ചെയ്തിരിക്കുന്നു. ഭൗതികമായി എല്ലാ വിധത്തിലും അഭിവൃദ്ധി നേടിയിട്ടുള്ള ഈ രാജ്യങ്ങളിൽ ജനങ്ങൾക്കു സുഖമുണ്ടോ?

'ഉണ്ട്' എന്നാണ് ഈ ചോദ്യത്തിനു് ആ രാജ്യക്കാരുടെ ഭൂരിപക്ഷം നൽകുന്ന ഉത്തരം.

യൂറോപ്യൻ മൂല്യപഠനസംഘം (വാല്യൂ സിസ്റ്റംസ് സ്റ്റഡി ഗ്രൂപ്പ്) 1980—81-ൽ നടത്തിയ ഒരു പഠനത്തിലൂടെയാണ് ഈ ഉത്തരത്തെപ്പറ്റി നാം അറിയുന്നത്. ബ്രിട്ടൻ, ഫ്രാൻസ്, പടിഞ്ഞാറെ ജർമനി, നെദർലാൻഡ്സ്, ഇററലി, സ്പെയിൻ, ബൽജിയം, ഡൻമാർക്ക്, വടക്കെ ഐർലാൻഡ് എന്നീ ഒമ്പതു രാജ്യങ്ങളിലെ ജനങ്ങളോട് ഈ പഠനസംഘം 302 ചോദ്യങ്ങൾ ചോദിച്ചു. ഈ ചോദ്യങ്ങൾക്ക് 12,463 ജനങ്ങൾ ഉത്തരം നൽകി. ഉത്തരങ്ങളിൽനിന്നു വെളിപ്പെട്ടതു് യൂറോപ്പിലെ ജനങ്ങളിൽ എഴുപത്തഞ്ചു ശതമാനം പേരും തങ്ങൾക്കു സുഖമാണെന്നു കരുതുന്നു എന്നാണ്. നാൽപതു ശതമാനം പേർ കരുതുന്നതു് തങ്ങൾക്ക് 'പരമസുഖം' ആണെന്നത്രെ.

പരസ്പരം വെല്ലുവിളിക്കുന്ന മുതലാളിത്തകമ്യൂണിസ്റ്റ് ചേരികൾക്കിടയിൽ നാൽപതിനായിരത്തോളം അണുബോംബുകളുടെ നിഴലിൽ ജീവിക്കുന്ന ഒരു ജനതയുടെ വീക്ഷണത്തെ പ്രതിഫലിപ്പിക്കുന്നതെന്ന നിലയിൽ ഈ ഉത്തരത്തിനു് പ്രത്യേകം പ്രാധാന്യമുണ്ട്.

തങ്ങൾക്ക് സുഖമാണെന്നു പറയുന്ന യൂറോപ്യന്മാർ 'സുഖ'മെന്നതുകൊണ്ട് ഉദ്ദേശിക്കുന്നതു് എന്താണ്?

'വ്യക്തിപരമായ സംതൃപ്തി' (പേഴ്സണൽ സാററിസ്ഫാക്ഷൻ) എന്നാണ് അവർ സുഖത്തെ നിർവചിക്കുന്നതു്.

'വ്യക്തിപരമായ സംതൃപ്തി'യുടെ ഒന്നാമത്തെ ഘടകം ആരോഗ്യമാകുന്നു. തങ്ങൾക്ക് ആരോഗ്യമുണ്ടെന്ന് അമ്പത്തെട്ടു ശതമാനം യൂറോപ്യരും കരുതുന്നു.

'സന്തുഷ്ടമായ കുടുംബം' ആണ് യൂറോപ്യന്മാർക്ക് വ്യക്തിപരമായ സംതൃപ്തി നൽകുന്ന രണ്ടാമത്തെ ഘടകം. ദമ്പതികളും സന്താനങ്ങളും മാത്രം അടങ്ങുന്നതാണ്, അവരുടെ ദൃഷ്ടിയിൽ, കുടുംബം. കുടുംബാംഗങ്ങൾക്കിടയിലുള്ള പരസ്പരബഹുമാനം, വിശ്വസ്തത, ധാരണ, സഹിഷ്ണുത മുതലായ ഗുണങ്ങളാണ് കുടുംബത്തിൽ സന്തോഷം നിലനിർത്തുന്നതെന്ന് അവർ വിചാരിക്കുന്നു. ഭാര്യാഭർത്താക്കന്മാർക്ക് ഒരേ സാമൂഹ്യമത–സാമ്പത്തിക പശ്ചാത്തലം ആവശ്യമാണെന്ന് യൂറോപ്യന്മാർ വിശ്വസിക്കുന്നില്ല. ദമ്പതിമാരുടെ രാഷ്ട്രീയാഭിപ്രായങ്ങളും ഏകരൂപങ്ങളാവേണ്ടതില്ല. യൂറോപ്പിൽ വിവാഹത്തിന്റെ അടിസ്ഥാനം സ്ത്രീപുരുഷന്മാർ സ്വമേധയാ നടത്തുന്ന വൈകാരികമായ തെരഞ്ഞെടുപ്പാണ്. സാമ്പത്തികമോ സാമൂഹ്യമോ ആയ പരിഗണനകൾക്ക് ഈ തെരഞ്ഞെടുപ്പിൽ സ്ഥാനമില്ല. കുടുംബത്തിനുവേണ്ടി എന്ത് ത്യാഗവും ചെയ്യാൻ ഏറെക്കുറെ നൂറു ശതമാനം യൂറോപ്യരും തയ്യാറാണ്. പക്ഷേ, അവരിൽ നാല്പതു ശതമാനംപേർ സ്വന്തം രാജ്യത്തിനുവേണ്ടി പടവെട്ടാൻ ഒരുക്കമല്ല! സ്വദേശാഭിമാനത്തിന് യൂറോപ്പിൽ വില ഇടിഞ്ഞിരിക്കുന്നു. യൂറോപ്യന്മാർ കുടുംബത്തിനകത്ത് വിശ്രമവും സുരക്ഷിതത്വവും കണ്ടെത്തുന്നു. അവരുടെ വ്യക്തിത്വം വികസിക്കുന്നത് കുടുംബത്തിൽവെച്ചാണ്. ഒഴിവുസമയം അധികവും കുടുംബത്തിനുള്ളിൽ കഴിച്ചുകൂട്ടാനാണ് അവർക്ക് ഇഷ്ടം. 'ജീവിതപരിവർത്തനം എന്നതുകൊണ്ട്' അവർ ഉദ്ദേശിക്കുന്നത് കുടുംബത്തിന്റെയാകെ ജീവിതപരിവർത്തനമത്രെ.

വ്യക്തിപരമായ സംതൃപ്തിയുടെ മൂന്നാമത്തെ ഘടകം 'തൊഴിൽ സംതൃപ്തി' (വർക്ക് സാററിസ്ഫാക്ഷൻ) ആകുന്നു. എങ്കിലും അവർ 'തൊഴിൽ ലഹരിക്കാർ' (വർക്ക്ഹോളിക്) അല്ല. യൂറോപ്യന്മാരിൽ മൂന്നിലൊരു ഭാഗം പേർ ജോലിസമയം കുറച്ചുകിട്ടാൻ ആഗ്രഹിക്കുന്നവരാണ്. ഫ്രഞ്ചുകാരിൽ അമ്പത്തേഴ ശതമാനം പേരും തൊഴിൽസമയം ചുരുങ്ങിക്കിട്ടണമെന്ന ആഗ്രഹം പുലർത്തുന്നു. യൂറോപ്യന്മാരിൽ ജോലി ചെയ്യാൻ ഏററവുമധികം താല്പര്യം ഡന്മാർക്കുകാർക്കും ഏററവും കുറച്ചു താൽപര്യം സ്പെയിൻകാർക്കും ആണത്രെ. തൊഴിലിനെ ഒരു 'ജീവിതമൂല്യം' ആയി യൂറോപ്യന്മാർ കാണുന്നില്ല. എങ്കിലും സുരക്ഷിതത്വം നൽകുന്നതുകൊണ്ടും, വ്യക്തിയുടെ കഴിവുകൾ വെളിപ്പെടുത്താൻ ഉപകരിക്കുന്നതുകൊണ്ടും, മുൻകൈ എടുക്കുന്നതിന് അവസരം നൽകുന്നതുകൊണ്ടും, തൊഴിലിനെ അവർ ആദരിക്കുന്നു.

മതവിശ്വാസം ജീവിതസുഖത്തിന് അനുപേക്ഷണീയമാണെന്ന യൂറോപ്യന്മാർ കരുതുന്നില്ല. തങ്ങൾതന്നെയാണ് തങ്ങളുടെ വിധിയുടെ വിധാതാക്കൾ എന്ന് ഭൂരിപക്ഷം യൂറോപ്യന്മാരും വിശ്വസിക്കുന്നു. ഭാവിയുടെ അനിശ്ചിതത്വത്തെ വിധ്യാത്മകമായി നേരിടാൻ യൂറോപ്യൻ രാജ്യങ്ങളിലെ പ്രവർത്തനസ്വാതന്ത്ര്യം അവർക്കു കഴിവു നൽകുന്നു. പള്ളികളിൽ പോകുന്നവരുടെ എണ്ണം യൂറോപ്പിൽ കുറവാണ്. എങ്കിലും മതനിരപേക്ഷമായ ഫ്രാൻസിൽപോലും മതസ്ഥാപനങ്ങൾ കുറെയൊക്കെ സമ്പന്നങ്ങളാണ്. ജനങ്ങൾക്ക് ധാർമികമായി പിന്തുണയും, ധർമസങ്കടങ്ങളിൽ മാർഗദർശനവും നൽകുന്നതിൽ മതത്തിന് ഇപ്പോഴും യൂറോപ്പിൽ നല്ല ഒരു പങ്കുണ്ട്. പ്രാർത്ഥനയിലും, ജീവിതലക്ഷ്യങ്ങളെപ്പററിയുള്ള ധ്യാനത്തിലും പല യൂറോപ്യന്മാരും തത്പരരാണ്. യൂറോപ്യരിൽ എഴുപത്തിയഞ്ചു ശതമാനംപേരും ഈശ്വരനിൽ വിശ്വസിക്കുന്നു. മൂന്നിൽ രണ്ടു യൂറോപ്യർ കരുതുന്നത് തങ്ങൾ മതവിശ്വാസികളാണെന്നത്രെ. യുവാക്കളായ യൂറോപ്യന്മാർക്കിടയിൽ ആധ്യാത്മികത ശക്തിപ്പെട്ടുവരികയാണ്. ഇതിനു കാരണം, അവർക്കിടയിൽ പ്രചരിച്ചുതുടങ്ങിയിട്ടുള്ള ഏഷ്യയിലെ മതങ്ങളും പുനർജന്മത്തിലുള്ള വിശ്വാസവുമാകുന്നു.

ലൈംഗികവും വ്യക്തിപരവുമായ സദാചാരത്തിന്റെ കാര്യത്തിൽ വലിയ അളവിൽ സ്വാതന്ത്ര്യം—തോന്നിയവാസം എന്നുപോലും പറയാം—യൂറോപ്യർ അനുവദിക്കുന്നുണ്ട്. വിവാഹമോചനം, ഗർഭസ്രാവം അസാദ്ധ്യരോഗികളെ മരിക്കാൻ വിടുക, സമലൈംഗികത, വ്യഭിചാരം, വിവാഹത്തിനു പുറമെയുള്ള ലൈംഗികബന്ധങ്ങൾ മുതലായവയു നേരെ അവർ കണ്ണടയ്ക്കുന്നു. ആത്മരക്ഷയ്ക്കും, സ്വന്തം ശരീരം ഇഷ്ടംപോലെ ഉപയോഗപ്പെടുത്താനും ആർക്കും സ്വാതന്ത്ര്യമുണ്ടെന്നു് അവർ കരുതുന്നു.

അതേസമയം, സ്വകാര്യസ്വത്തിനോ, സാമൂഹ്യവും വ്യക്തിപരവുമായ ജീവിതത്തിനോ എതിരായ അക്രമങ്ങളെ അവർ പൊറുക്കുകയില്ല. കാർമോഷണം, രാഷ്ട്രീയകൊലപാതകം, മയക്കുമരുന്നുകളുടെ ഉപയോഗം തൊഴിൽസ്വാതന്ത്ര്യം തടയൽ, മോഷ്ടിച്ച മുതൽ വാങ്ങൽ, കൈക്കൂലി മുതലായവയാണു് അവർ ഏററവും വെറുക്കുന്ന 'അക്രമ'ങ്ങൾ.

രാഷ്ട്രീയമായി വലത്തോട്ടു ചാഞ്ഞുനിൽക്കുന്ന യൂറോപ്യർ, പൊതുവെ, മതവിശ്വാസികളും സദാചാരനിഷ്ഠരുമാണു്. ഇടത്തോട്ടു ചാഞ്ഞുനിൽക്കുന്ന യൂറോപ്യരിൽ മതവിശ്വാസവും വൈയക്തിക സദാചാരങ്ങളിൽ വിശ്വാസവും കുറഞ്ഞു കാണുന്നു. ഇടതു ചായ്വുകാർ രാഷ്ട്രീയ കാര്യങ്ങളിൽ കൂടുതൽ സക്രിയരും നിലവിലുള്ള വ്യവസ്ഥിതിയിൽ അസന്തുഷ്ടരുമത്രേ. സ്ഥാപനങ്ങളിലും ഭാവിയിലും അവർക്കു വിശ്വാസം കുറവാണു്.

ക്രമവും സമാധാനവും സംരക്ഷിക്കുന്ന പോലീസ്, സൈന്യം, നീതിന്യായക്കോടതികൾ എന്നിവയിൽ യൂറോപ്യന്മാർക്കു് ഉറച്ച വിശ്വാസമുണ്ടു്. വിദ്യാഭ്യാസസ്ഥാപനങ്ങളിലും പള്ളിയിലുമുള്ള അവരുടെ വിശ്വാസം ഇതിനു തൊട്ടു താഴെയാണു്. പല യൂറോപ്യന്മാർക്കും പാർലമെൻറിൽ വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. പാർലമെൻറിൽ കുറെയെങ്കിലും വിശ്വാസം ബാക്കിനിൽക്കുന്നതു് പടിഞ്ഞാറെ ജർമനി, ഫ്രാൻസ്, സ്പെയിൻ എന്നീ രാജ്യങ്ങളിലാണു്. സർക്കാരിന്റെ എക്സിക്യൂട്ടീവ് വിഭാഗത്തിൽ വിശ്വാസം പരക്കെ കുറഞ്ഞിരിക്കുന്നു. ഈ വിശ്വാസം ഏററവും ഇടിഞ്ഞിട്ടുള്ളതു് ഇററലിയിലും കുറച്ചെങ്കിലും ബാക്കിയുള്ളതു് ബ്രിട്ടനിലുമാകുന്നു. വലിയ കമ്പനികൾ, വൃത്താന്തപത്രങ്ങൾ, തൊഴിലാളിസംഘടനകൾ എന്നിവയാണു് യൂറോപ്പിൽ ഏററവുമധികം വാദവിഷയങ്ങളായിട്ടുള്ള സ്ഥാപനങ്ങൾ.

ദീർഘകാലം നീണ്ടുനിൽക്കുന്നതും സാർവജനീനവുമാണു് യൂറോപ്പിലെ വിദ്യാഭ്യാസപ്രക്രിയ. ജനങ്ങളുടെ നിലപാടുകൾ രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസത്തിനു് നിർണായകമായ പങ്കുണ്ടു്. വിദ്യാഭ്യാസം ഏറെക്കുറെ ഏകരൂപമായ സമൂഹപരിവർത്തനത്തിനു സഹായിച്ചിരിക്കുന്നു. വിമർശനബുദ്ധി, സഹിഷ്ണുത, വിവാഹമെന്ന മാമൂലിൽ അവിശ്വാസം, വിവാഹമോചനത്തിന്റെയും ഗർഭസ്രാവത്തിന്റെയും അംഗീകാരം, മതചടങ്ങുകളിൽഅനാസ്ഥ, രാഷ്ട്രതന്ത്രത്തിൽ താത്പര്യം, സ്ഥാപനങ്ങളെ ചോദ്യംചെയ്യൽ, സ്വദേശാഭിമാനത്തിനു പ്രാധാന്യം നൽകായ്ക, പട്ടാളശക്തിയിൽ വിശ്വാസമില്ലായ്മ, ആത്മവിശ്വാസം, ശുഭാപ്തിവിശ്വാസം മുതലായവ ജനങ്ങളിൽ വളർത്തുന്നതിൽ വിദ്യാഭ്യാസം യൂറോപ്പിൽ വളരെയേറെ വിജയം നേടിയിട്ടുണ്ടു്.

യൂറോപ്പിലെ അഭ്യസ്തവിദ്യർക്കിടയിൽ സ്ത്രീ–പുരുഷഭേദം ഗണ്യമായി കുറഞ്ഞിരിക്കുന്നു. അവിടെ പഠിച്ച സ്ത്രീകൾ പുരുഷന്മാരെക്കാൾ യാഥാസ്ഥിതികരോ മതവിശ്വാസികളോ അല്ല. ദൈനംദിനം സദാചാരങ്ങളിലും വ്യക്തിജീവിതത്തിലും പഴയ മാനദണ്ഡങ്ങൾ പുലർത്തുന്നതിൽ യുവജനങ്ങൾ വിമുഖരാണു്. ഇതിൻ ഫലമായി ചെറുപ്പക്കാരും അവരുടെ മാതാപിതാക്കളും തമ്മിൽ ആശയസംഘട്ടനങ്ങളുണ്ടാകാറുണ്ടു്. എങ്കിലും,

യൂറോപ്പിൽ തലമുറകൾക്കിടയിലുള്ള വിടവിനെപ്പററി നടക്കുന്ന സംസാരം കാററയാക്കെ അതിശയോക്തിപരമാണ്.

സമ്പൽസമൃദ്ധി, നഗരങ്ങളുടെ വളർച്ച എന്നിവ യൂറോപ്യരുടെ മനോഭാവത്തിൽ അടിസ്ഥാനപരമായ വ്യത്യാസം വരുത്തിയിട്ടുണ്ട്. സാങ്കേതികവിദ്യാഭ്യാസവും വർദ്ധിച്ച വരുമാനവും അവരിൽ ആത്മവിശ്വാസവും ശുഭപ്രതീക്ഷാശീലവും ഉദാരതാവാദവും (ലിബറലിസം), ചങ്ങാത്തവാസനയും (സോഷ്യബിലിററി), പങ്കെടുക്കൽ മനോഭാവവും വളർത്തിയിരിക്കുന്നു. സേവനത്തുറകളിൽ പ്രവർത്തിക്കുന്ന അഭ്യസ്തവിദ്യരായ ഇടത്തരക്കാരാണ്, വ്യവസായത്തൊഴിലാളികളല്ല, യൂറോപ്പിൽ ഇടതുപക്ഷപ്രസ്ഥാനങ്ങളുടെ നട്ടെല്ല്. പ്രായത്തിലും സമ്പത്തിലും നടുനിലയിലുള്ളവരാണ്, ഏററവും ചെറുപ്പക്കാരോ ഏററവും ദരിദ്രരോ അല്ല, അവിടെ ഉഗ്രവാദികൾ. അതേസമയം യൂറോപ്യൻ സ്വത്തുടമകൾ സദാചാര—മത—രാഷ്ട്രീയരംഗങ്ങളിൽ യാഥാസ്ഥിതിക മനോഭാവം പുലർത്തുന്നവരാണ്.

യൂറോപ്യൻ സമൂഹത്തിൽ ഏററവും അവഗണിക്കപ്പെട്ട ഒരു വിഭാഗമാണ് വൃദ്ധന്മാർ. വിദ്യാഭ്യാസമില്ലാത്ത സ്ത്രീകൾ, ഏകാകികൾ, തൊഴിലില്ലാത്തവർ എന്നിവർ വൃദ്ധരുടെ തൊട്ടടുത്തു നില്ക്കുന്നു. ഇവർക്കൊന്നും രാഷ്ട്രീയകാര്യങ്ങളിലോ സാമൂഹ്യജീവിതത്തിലോ പങ്കാളിത്തമോ, താത്പര്യംപോലുമോ, ഇല്ല. ഭാവി അവരിൽ ഭയവും ആശങ്കയും വളർത്തുന്നു. ജീവിതത്തിൽ അവർ അതൃപ്തരാണെന്നല്ല പറയേണ്ടതു്, ജീവിതം അവർക്കൊരു വേദനയാണെന്നാണ്. തൊഴിലില്ലാത്തവരുടെ എണ്ണമാണെങ്കിൽ യൂറോപ്പിൽ വദ്ധിച്ചുവരികയുമാണ്.

യൂറോപ്പിൽ ഐർലാൻഡ്, സ്പെയിൻ, ഇററലി എന്നിവ കത്തോലിക്ക രാജ്യങ്ങളാണ്; ഡന്മാർക്ക്, ബ്രിട്ടൻ, ജർമനി എന്നിവ പ്രോട്ടസ്റ്റൻറ് രാജ്യങ്ങളും. ഫ്രാൻസ് മതനിരപേക്ഷതയ്ക്കു വിശ്രുതമാണ്. മതപശ്ചാത്തലം ഇങ്ങനെ വിഭിന്നമെങ്കിലും, സാമൂഹ്യസംസ്കാരം യൂറോപ്പിലെ എല്ലാ രാജ്യങ്ങളിലും ഏറെക്കുറെ ഏകരൂപമായിക്കഴിഞ്ഞിട്ടുണ്ട്.

തങ്ങളുടെ ആരോഗ്യം മോശമാണെന്നു കരുതുന്നവരാണത്രേ കൂടുതൽ ജർമൻകാരും സ്പെയിൻകാരും. ഇററലിക്കാർ കൂടുതൽ ഇടതുപക്ഷചിന്താഗതിക്കാരാണ്. യൂറോപ്യന്മാരിൽ ഏററവുമധികം ചൃഷ്ടിതരാണ് തങ്ങളെന്ന വിശ്വാസവും ഭാവിയെപ്പററി അശുഭപ്രതീക്ഷയും പുലർത്തുന്നതു് ബ്രിട്ടീഷുകാരാണത്രേ. ഇങ്ങനെ വ്യത്യസ്തരാജ്യങ്ങളിൽ വ്യത്യസ്ത വീക്ഷണങ്ങൾ പുലരുന്നതായി പറയാമെങ്കിലും, പൊതുവെ പടിഞ്ഞാറൻ യൂറോപ്പിലെ സംസ്കാരം ഏകഘനമാണ്.

ആരോഗ്യം, നല്ല കുടുംബബന്ധങ്ങൾ, തൊഴിൽസംതൃപ്തി എന്നിവ ജീവിതസുഖം നൽകുന്നു എന്നും, ആധ്യാത്മികമായ ഒരു പശ്ചാത്തലം ഈ സുഖത്തെ വർദ്ധിപ്പിക്കുന്നു എന്നുമാണ് 'യൂറോപ്യൻ മൂല്യപഠനസംഘം' 1980—81-ൽ നടത്തിയ പഠനത്തിൽനിന്നു് ഉരുത്തിരിഞ്ഞ നിഗമനം.

(ആധാരം: 'ലമോൺഡ്' പത്രത്തിലെ ഒരു ലേഖനം.)

23-12-1983.